## പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നം.1426 — 11/06/2019 ലെ മറുപടിക്ക്

## റവന്യൂ വകുപ്പിന്റെ ആധുനിക വൽക്കരണം

**ചോദ്യം**

**ശ്രീ.കെ.സുരേഷ് കുറുപ്പ്**

**,, കാരാട്ട് റസാഖ്**

**,, ഒ. ആർ. കേളു**

**,, എം. രാജഗോപാലൻ**

**മറുപടി**

ശ്രീ.ഇ.ചന്ദ്രശേഖരൻ

(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | റവന്യൂ വകുപ്പിന്റെ ആധുനികവൽക്കരണത്തിനായി നടത്തുന്ന പ്രവർത്തനം അറിയിക്കാമോ; ആധാർ അധിഷ്ഠിത സവിശേഷ തണ്ടപ്പേർ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതുകൊണ്ട് ലക്ഷ്യമാക്കുന്ന നേട്ടങ്ങൾ എന്തെല്ലാമാണ്; | (എ) | റവന്യൂ വകുപ്പിന്റെ ആധുനിക-വൽക്കരണവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br><u>ഇ-ഡിസ്ട്രിക്ട്</u>:- വില്ലേജ് ഓഫീസുകളിൽ തിരക്ക് കുറയ്ക്കുന്നതിന് പൊതുജനങ്ങൾക്കാവശ്യമായ വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യവുമായി ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട്<br><br><u>ആർ.ആർ. ഓൺലൈൻ</u> :- റവന്യൂ റിക്കവറി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നിലവിലുള്ള ഓഫ് ലൈൻ, ഓൺലൈൻ സംവിധാനങ്ങൾ സംയോജിപ്പിച്ച് റിക്വിസിഷൻ ഓഫീസ് മുതൽ വില്ലേജ് തലം വരെ ബന്ധിപ്പിക്കുന്ന പദ്ധതിയായാണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.<br><br><u>സംയോജിത ഓൺ ലൈൻ പോക്കുവരവ് (Online - Mutation)</u>:- ഭൂസംബന്ധമായി റവന്യൂ, രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ പരസ്പരം ബന്ധപ്പെടുത്തി, കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ പോക്കുവരവ് ആധുനിക വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ വേഗത്തിലും, സുതാര്യമായും, കുറ്റമറ്റ രീതിയിലും |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടുകൂടിയാണ് സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതി നടപ്പിലാക്കുന്നത്.<br><br>ഇ-പെയ്മെന്റ്:- സംസ്ഥാനത്ത് സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള വില്ലേജുകളിൽ അടയ്ക്കാവുന്ന എല്ലാ പെയ്മെന്റുകളും ഓൺലൈൻ വഴി ഒടുക്കുന്നതിനുള്ള ഇ പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>ഇ-ഓഫീസ്:- ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് മുതൽ വില്ലേജ് ഓഫിസ് വരെ നടപ്പിലാക്കി വരുന്ന ഒരു കടലാസ് രഹിത ഇലക്ട്രോണിക് ഫയൽ സിസ്റ്റമാണിത്. വിവിധ വിഭാഗത്തിലുള്ള സേവനങ്ങളെയും അതുമായി ബന്ധപ്പെട്ട ഫയലുകളുടെ തൽസ്ഥിതിയും പൊതുജനങ്ങൾക്കും ജീവനക്കാർക്കും ഇ ഓഫിസ് സംവിധാനം മുഖേന മനസ്സിലാക്കുവാൻ കഴിയുന്നതാണ്.<br><br>ആധാർ അധിഷ്ഠിത സവിശേഷ തണ്ടപ്പേർ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്. ആയതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്. ഈ സംവിധാനം വഴി സംസ്ഥാനത്ത് ഏതൊരു വ്യക്തിയുടെയും ഭൂമി സംബന്ധിച്ച വിവരങ്ങൾ ഒരു നമ്പറിനാൽ രേഖപ്പെടുത്തുന്നതുകൊണ്ട് ഒരു വ്യക്തിയുടെ പേരിൽ സംസ്ഥാനത്തുള്ള മുഴുവൻ ഭൂമിയുടെയും വിവരങ്ങൾ അറിയുവാൻ സാധിക്കും. അതുപോലെ ഒരു പ്രാവശ്യം ആധാർ അധിഷ്ഠിത സവിശേഷ തണ്ടപ്പേർ സംവിധാനം രേഖപ്പെടുത്തിയാൽ പിന്നീട് ഫിംഗർ ഉപയോഗിച്ചാൽ അയാൾക്ക് UTP (യൂണിഫൈഡ് തണ്ടപ്പേർ) ഉണ്ടെങ്കിൽ ഉടൻ തന്നെ വിവരം ലഭ്യമാകുന്നതാണ്. ഭൂമി സംബന്ധമായ വിവരങ്ങൾ ആധാർ അധിഷ്ഠിത യൂണിക് റ്റി.പി (UTP) യുമായി ബന്ധപ്പെടുത്തിയാൽ സംസ്ഥാനത്ത് ഏതൊരു കൈവശക്കാരന്റെയും ഭൂ-വിവരങ്ങൾ പേപ്പർ ലെസ് ആയി സൂക്ഷിക്കപ്പെടുന്നതാണ്. ഇത്തരത്തിലുള്ള ഡാറ്റാബേസിൽ സൂക്ഷിക്കപ്പെടുന്നതുകൊണ്ട് |

| | | | |
|---|---|---|---|
| | | | കൈവശക്കാരന്റെ ആധാരങ്ങളുടെ പകർപ്പും കരം അടവാക്കിയ രസീതും ഭൂമിയുടെ സ്കെച്ചും തുടങ്ങി ഭൂമി സംബന്ധമായ എല്ലാ വിവരങ്ങളും കൈയ്യിൽ കൊണ്ടു നടക്കേണ്ടുന്ന രീതി അവസാനിക്കുന്നതായിരിക്കും. |
| (ബി) | വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും അഴിമതി രഹിതവുമാക്കുന്നതിനായി ഇ -ഡിസ്ട്രിക്റ്റ്, ഇ -ഓഫീസ്. ഇ -പോസ് മെഷീൻ തുടങ്ങി എന്തെല്ലാം ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; | | 1. ഇ-ഡിസ്ട്രിക്റ്റ് - വില്ലേജ് ഓഫീസുകളിൽ നിന്നും പൊതുജനങ്ങൾക്ക് ആവശ്യമായ വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഇ-ഡിസ്ട്രിക്റ്റ്. ഇതു വഴി പൊതു ജനങ്ങൾക്ക് വില്ലേജ് ഓഫീസുകളിൽ വരാതെ തന്നെ സർട്ടിഫിക്കറ്റുകൾ ലഭ്യമാകുന്നു. ആയതിനാൽ വില്ലേജ് ഓഫീസുകളിലെ തിരക്ക് കുറയ്ക്കുന്നതിന് സഹായകമാണ് പ്രസ്തുത പദ്ധതി.<br>2. ഇ-ഓഫീസ് - ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് മുതൽ വില്ലജ് ഓഫിസ് വരെ നടപ്പിലാക്കി വരുന്ന ഒരു കടലാസ് രഹിത ഇലക്ട്രോണിക് ഫയൽ സിസ്റ്റമാണിത്. പൊതുജനങ്ങൾക്ക് ഫയലുകളുടെ തൽസ്ഥിതി ഈ സംവിധാനം മുഖേന മനസ്സിലാക്കുവാൻ കഴിയുന്നതാണ്. സമയബന്ധിതവും സുതാര്യവുമായ സേവനം റവന്യൂ ഓഫീസുകളിൽ നിന്ന് പൊതുസമൂഹത്തിന് ഉറപ്പുവരുത്തുന്ന തിനുവേണ്ടി ആധുനിക വിവര സാങ്കേതികവിദ്യയുടെ സഹായത്തോടെ ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനുള്ള നടപടികളാണ് റവന്യൂ വകുപ്പ് സ്വീകരിച്ചുവരുന്നത്. വിവിധ വിഭാഗത്തിലുള്ള സേവനങ്ങളെയും അതുമായി ബന്ധപ്പെട്ട ഫയലുകളുടെ തൽസ്ഥിതിയും പൊതുജനങ്ങൾക്കും ജീവനക്കാർക്കും ഇ-ഓഫീസ് സംവിധാനം മുഖേന മനസ്സിലാക്കുവാൻ കഴിയുന്നതാണ്<br>3. ഇ-പോസ് മെഷീൻ - കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ കറൻസി രഹിത ഇടപാടുകൾ പ്രോത്സാഹിപ്പിക്കുക എന്ന നയത്തിന്റെ ഭാഗമായി ധനവകുപ്പിന്റെ 05/01/2019 തീയതിയിലെ 96/2018/Fin നമ്പർ പ്രകാരം ഇ-ട്രഷറി ഗേറ്റ് വേയുമായി ഫെഡറൽ ബാങ്ക് പോയിന്റ് ഓഫ് സെയിൽ മെഷീനുകൾ സംയോജിപ്പിച്ച് |

| | | | |
|---|---|---|---|
| | | | ഉത്തരവായിട്ടുള്ളതുമാണ്. പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകളിലും ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും പൊതു ജനങ്ങൾക്ക് കറൻസി രഹിത ഇടപാടുകളിലൂടെ വിവിധ നികുതികളും ഫീ കളും ഖജനാവിലേയ്ക്ക് അടയ്ക്കുന്നതിനുള്ള സൗകര്യം ഒരുക്കുന്നതിനോടൊപ്പം ജീവനക്കാർക്ക് സമയലാഭം ഉണ്ടാകത്തക്കരീതിയിൽ നിലവിലെ ഇ-പേയ്മെന്റ് സംവിധാനവുമായി സംയോജിപ്പിച്ചിട്ടുള്ളതുമാണ്. |
| (സി) | സ്മാർട്ട് ഓഫീസ് പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; വില്ലേജ് ഓഫീസുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനും ഉള്ള പദ്ധതിയുടെ പുരോഗതി അറിയിക്കാമോ? | (സി) | സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ സ്മാർട്ട് ഓഫീസുകളാക്കി മാറ്റി അവയിൽ നിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടേയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശത്തോടുകൂടിയാണ് സ്മാർട്ട് (SMART) റവന്യൂ ഓഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് വില്ലേജ് ഓഫീസുകളിൽ നിന്നുള്ള സേവനങ്ങൾ പൗരന് ഏത് സമയത്തും, എവിടെ വച്ചും (Any time Anywhere) ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്. 2013-14 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച ടി പദ്ധതി പ്രകാരം നാളിതുവരെ 130 വില്ലേജാഫീസുകൾ സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരണം/നിർമ്മാണത്തിനു ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 66 എണ്ണം പൂർത്തീകരിച്ചിട്ടുള്ളതും ബാക്കിയുള്ളവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നതുമാണ്. വില്ലേജാഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

2017-18

| പ്രവൃത്തി | വില്ലേജുകളുടെ എണ്ണം |
|---|---|
| അറ്റകുറ്റപ്പണി | 70 |
| ടോയ്ലറ്റ് നിർമ്മാണം | 63 |
| കുടിവെള്ളം ലഭ്യമാക്കൽ | 673 |
| ചുറ്റമതിൽ നിർമ്മാണം | 68 |
| അഡീഷണൽ റൂം നിർമ്മാണം | 68 |

2018-19

| പ്രവൃത്തി | വില്ലേജുകളുടെ എണ്ണം |
|---|---|
| അറ്റകുറ്റപ്പണി | 80 |
| ചുറ്റമതിൽ നിർമ്മാണം | 80 |
| അഡീഷണൽ റൂം നിർമ്മാണം | 100 |

ഇതിൽ 2017-18-ലെ പ്രവൃത്തികൾ 90% പൂർത്തിയായിട്ടുണ്ട്. 2018-19-ലെ പ്രവൃത്തികൾ പുരോഗമിക്കുന്നു.

സെക്ഷൻ ഓഫീസർ